ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-4620/2012/സിഇ/തസ്വഭവ

തീയതി : 11/07/2016

# ഉത്തരവ്

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :
1) 22.06.2016, 20.04.2016 എന്നീ തീയതികളിൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ യഥാക്രമം 3.22, 2.3 നമ്പർ തീരുമാനങ്ങൾ
2) ഈ ഓഫീസിലെ 18.05.2016-ലെ ഇതേ നമ്പർ സർക്കുലർ

സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ മേൽ പരാമർശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% തുക എങ്കിലും പ്രത്യേകമായി മാറ്റിവച്ച് ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഷ്രഡഡ് പ്ലാസ്റ്റിക് (Shreded plastic) ഉപയോഗപ്പെടുത്തി റോഡുകൾ ടാറുചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ 10% തുക ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന് പ്രോജക്ട് വെറ്റിംഗ് ഓഫീസറും പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസറും പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. പ്ലാസ്റ്റിക് ബിറ്റുമെൻ ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ ഒരു റോഡിന്റെ ആകെ നീളത്തിലും നടപ്പിലാക്കേണ്ടതാണ്.

പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് ആവശ്യമായ ഡാറ്റായും, സ്പെസിഫിക്കേഷനും സൂചന (2) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മേൽപ്രവൃത്തികൾക്ക് ആവശ്യമായ അളവിലും ഗുണനിലവാരത്തിലുമുള്ള ഷ്രഡഡ് പ്ലാസ്റ്റിക് (Shreded plastic) ലഭ്യമാക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാരിന് കീഴിലുള്ള ക്ലീൻ കേരള കമ്പനിയും, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

ഇങ്ങനെ പ്ലാസ്റ്റിക് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡുകളുടെ ഗുണനിലവാരവും, ഈടും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശോധിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ